**KFDDO/22556/2023-DFOTSR/TA3** **തീയതി : 26.10.2024**

# തൃശൂർ ഡിവിഷൻ
# ലേല പരസ്യം

2025 വർഷത്തിൽ തൃശൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മച്ചാട്, വടക്കാഞ്ചേരി, പട്ടിക്കാട് എന്നീ റെയ്ഞ്ചുകളിലെ വിൽപ്പന യോഗ്യമായിട്ടുള്ള തൊണ്ടിതടികൾ, വിറക്, മറ്റ് തൊണ്ടിവഹകൾ എന്നിവയും വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളിൽ നിന്നും, കാറ്റത്ത് വീണ മരങ്ങളിൽ നിന്നും മുറിച്ചു ശേഖരിച്ചവയും, വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ നിൽപ്പാവസ്ഥയിലും, അടിയന്തിര ഘട്ടങ്ങളിൽ തൊണ്ടിലേലത്തിൽ ഉൾപ്പെടുത്തി വിറ്റഴിയ്ക്കേണ്ടതായ മരങ്ങളും, മറ്റ് സാമഗ്രികളും അതാത് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസിൽ വച്ച് താഴെ പട്ടികയിൽ കൊടുത്തിരിയ്ക്കുന്ന തീയതികളിലും സമയത്തും തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ഠ ദിവസം ഏതെങ്കിലും കാരണവശാൽ പൊതുഅവധി ആയി പ്രഖ്യാപിയ്ക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതാണ്. ലേല ദിവസം ലേലത്തിൽ വയ്ക്കാൻ യോഗ്യമായ വേറെയും തൊണ്ടിസാധനങ്ങൾ ലഭ്യമായാൽ അവയും ലേല ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിയ്ക്കുന്നവർ ലേലത്തിന് മുമ്പ് ലേലത്തിൽ വെച്ചിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദവിവരങ്ങളും നേരിൽ കണ്ട് ബോധ്യപ്പെട്ടിരിയ്ക്കേണ്ടതാണ്. ലേലത്തിനുശേഷം ഈ വക കാര്യങ്ങളെ കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിയ്ക്കുന്നതല്ല. ഓരോ ലേലത്തിലും വിൽക്കാനുദ്ദേശിയ്ക്കുന്ന തടികൾ മറ്റ് വനവിഭവങ്ങൾ മുതലായവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ അതാത് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും ലേലത്തിന് മുമ്പ് അറിയാവുന്നതാണ്. മുൻ ലേലത്തിൽ സ്ഥിരപ്പെടുത്താത്ത ഏതെങ്കിലും ലോട്ടുകൾ ഉണ്ടെങ്കിൽ അവയും ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 02.12.2009 -ൽ പ്രൊ5 - 6835/2009 നമ്പരായിട്ടുള്ള നമ്പർ 50 കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനകളും കാലാകാലങ്ങളിൽ വനംവകുപ്പിൽ നിലവിലുള്ള മറ്റ് വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിയ്ക്കും. കോടതി ഉത്തരവ് പ്രകാരം വിൽപ്പനയ്ക്ക് വെച്ചിട്ടുള്ള തൊണ്ടിതടികളുടെ മുഴുവൻ തുകയും വിജയിയായ ലേലക്കാരൻ ലേല ദിവസം കെട്ടിവെയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ഈട്ടി, തേക്ക് എന്നിവ ലേലം ചെയ്യുന്നതിന് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയും മറ്റു തടി/ വനവിഭവങ്ങൾക്ക് 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. റെയ്ഞ്ചിന്റെ പേരും ലേലം തീയതികളും താഴെ പട്ടികയിൽ ചേർക്കുന്നു.

| മാസം | പട്ടിക്കാട് റെയ്ഞ്ച് രാവിലെ 11 മണി | മച്ചാട് റെയ്ഞ്ച് രാവിലെ 11 മണി | വടക്കാഞ്ചേരി റെയ്ഞ്ച് ഉച്ചയ്ക്ക് 3 മണി |
|---|---|---|---|
| ജനുവരി | 08.01.2025 | 29.01.2025 | 29.01.2025 |
| ഫെബ്രുവരി | 12.02.2025 | 25.02.2025 | 25.02.2025 |
| മാർച്ച് | 05.03.2025 | 27.03.2025 | 27.03.2025 |
| ഏപ്രിൽ | 08.04.2025 | 24.04.2025 | 24.04.2025 |
| മെയ് | 07.05.2025 | 21.05.2025 | 21.05.2025 |
| ജൂൺ | 10.06.2025 | 25.06.2025 | 25.06.2025 |
| ജൂലായ് | 09.07.2025 | 24.07.2025 | 24..07.2025 |
| ആഗസ്റ്റ് | 07.08.2025 | 27.08.2025 | 27.08.2025 |
| സെപ്റ്റംബർ | 04.09.2025 | 24.09.2025 | 24.09.2025 |
| ഒക്ടോബർ | 09.10.2025 | 22.10.2025 | 22.10.2025 |
| നവംബർ | 06.11.2025 | 19.11.2025 | 19..11.2025 |
| ഡിസംബർ | 04.12.2025 | 18.12.2025 | 18.12.2025 |

കൂടുതൽ വിവരങ്ങൾ പട്ടിക്കാട്/ മച്ചാട്/ വടക്കാഞ്ചേരി റെയ്ഞ്ചുകളിൽ നിന്നും ലഭിയ്ക്കുന്നതാണ്.

ഒപ്പ്/-

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
അയ്യന്തോൾ, തൃശൂർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശൂർ
(കേരള ഗവർണർക്കു വേണ്ടി)